പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ 14 ജില്ലകളിലേക്കായി ഓംബുഡ്സ്മാൻമാർ**

നക്ഷത്രചിഹ്നമിട്ട 07.07.2014 ൽ മറുപടിക്ക്

ചോദ്യം നമ്പർ : 542

ചോദ്യം. ഉത്തരം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>" പി.കെ.ഗുരുദാസൻ<br>" കെ.കെ.ജയചന്ദ്രൻ<br>" കെ.ദാസൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ 14 ജില്ലകളിലേക്കായി ഓംബുഡ്സ്മാൻമാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ: | (എ) | ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 14 ജില്ലകളിൽ 17 ഓംബുഡ്സ്മാൻമാരെ നിയമിച്ചിട്ടുണ്ട്. (ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിൽ രണ്ട് ഓംബുഡ്സ്മാൻമാരെ വീതവും മറ്റ് ജില്ലകളിൽ ഓരോ ഓംബുഡ്സ്മാനെയും നിയമിച്ചിട്ടുണ്ട്) |
| (ബി) | നിലവിലുള്ളവരുടെ കാലാവധി എത്രനാൾവരെയെന്ന് വ്യക്തമാക്കാമോ; | (ബി) | കേന്ദ്രഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച 07.09.2009 ലെ ജെ.11011/21/2008 -എൻ.ആർ.ഇ.ജി.എ. നമ്പർ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ജില്ലകളിൽ ഓംബുഡ്സ്മാൻമാരെ നിയമിച്ചിട്ടുള്ളത്. ഇതനുസരിച്ച് ഓംബുഡ്സ്മാൻമാരുടെ കാലാവധി രണ്ടു വർഷമോ അല്ലെങ്കിൽ 65 വയസ്സോ ഏതാണോ ആദ്യം പൂർത്തീകരിക്കുന്നത് അന്നുവരെയാണ്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി താഴെ പറയുന്നവർക്ക് സേവനകാലാവധിയായ 2 വർഷത്തിനു മുമ്പുതന്നെ 65 വയസ്സ് തികഞ്ഞതിനാൽ അവരുടെ സേവന കാലാവധി അവസാനിച്ചു.<br>1. ശ്രീ.ജോയിക്കുട്ടി തരകൻ (പത്തനംതിട്ട)<br>2. ശ്രീ.റ്റി.വി.ജയിംസ് (ഇടുക്കി)<br>3. ശ്രീ.കെ.ചെന്താമരാക്ഷൻ(എറണാകുളം)<br>4. ശ്രീ.കെ.ഷാജഹാൻ (മലപ്പുറം)<br>ശേഷിക്കുന്ന 13 പേരുടെയും സേവന കാലാവധി അവർ ജോലിയിൽ പ്രവേശിച്ച തീയതിമുതൽ 2 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് അവസാനിച്ചു. ഇതിൻ പ്രകാരം 01-07-2014 ൽ രണ്ടുപേരുടെ സേവന കാലാവധി പൂർത്തിയായതോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നിയമിച്ച ഓംബുഡ്സ്മാൻമാരുടെ സേവനം അവസാനിച്ചു. |
| (സി) | ഇവരുടെ കാലാവധി തീരുംമുമ്പെ തൽസ്ഥാനങ്ങളിൽനിന്നും മാറ്റാൻ ഉത്തരവിറക്കിയിട്ടുണ്ടോ: എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | ഓംബുഡ്സ്മാൻമാരുടെ കാലാവധി തീരും മുൻപ് തൽസ്ഥാനങ്ങളിൽ നിന്നും മാറ്റാൻ ഉത്തരവ് ഇറക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ